ആവശ്യം വളരെക്കാലമായി നിലനിൽക്കുകയാണ്. മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, സംസ്ഥാനത്തെ മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്താൻ വേണ്ടിയുള്ള നിർദ്ദേശം ഇപ്പോൾ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. നേരത്തെ നൽകിയിട്ടുള്ള ശുപാർശയനുസരിച്ച് ഇവരെ ഉൾപ്പെടുത്തണ്ട എന്നായിരുന്നു സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. ആ സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇന്നത്തെ ഈ പുതിയ സാഹചര്യത്തിൽ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തേണ്ട കാര്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ മുമ്പാകെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരിക്കുകയാണ്. അവരുടെ നിർദ്ദേശം ലഭിച്ചുകഴിഞ്ഞാൽ ഇതിനെ സംബന്ധിച്ചടത്തോളം ഒരു അന്തിമമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

40. തണ്ടാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. അച്ചുതൻ: സർ, പഴയ തിരു-കൊച്ചിയുടെ ഭാഗമാണ് ചിറ്റൂർ താലൂക്കിന്റെ ചില പ്രദേശങ്ങൾ. ആ പ്രദേശത്തുള്ള തണ്ടാർ സമുദായക്കാർക്ക് 1950 മുതൽ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം ലഭിച്ചിരുന്നു. ഈഴവരും തണ്ടാൻ സമുദായക്കാരും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ട്. ആ തണ്ടാൻ സമുദായക്കാർക്ക് 1950 മുതൽ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം ലഭിച്ചിരുന്നു. അവരുടെ ആചാരങ്ങൾക്ക് തന്നെ വ്യത്യാസമുണ്ട്; അവർ വീട്ടിൽ അച്ഛൻ എന്നാണ് വിളിക്കുന്നത്. ഈഴവ സമുദായത്തിൽപ്പെട്ടവർ അപ്പൻ എന്നാണ് വിളിക്കുന്നത്. അവർ തമ്മിൽ കല്യാണം കഴിക്കാറില്ല. 200-ൽ താഴെ വരുന്ന വീടുകളിൽ മാത്രം താമസിക്കുന്നതിനുള്ള അംഗസംഖ്യ മാത്രമേ ഈ സമുദായത്തിൽപ്പെട്ടവരുള്ളൂ. 1950 മുതൽ അവർക്ക് പട്ടികജാതിയുടെ ആനുകൂല്യം കിട്ടിക്കൊണ്ടിരുന്നതാണ്. ഈഴവർക്ക് പട്ടികജാതിയുടെ ആനുകൂല്യമില്ല. 1976 മുതൽ എല്ലാ തണ്ടാൻമാർക്കും ഈ ആനുകൂല്യം കൊടുക്കണമെന്ന നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ വളരെക്കൂടുതൽ ആളുകൾക്ക് കൊടുക്കേണ്ടിവന്നപ്പോൾ 1988 മുതൽ ഈ ആനുകൂല്യം എല്ലാ തണ്ടാർമാർക്കും നിറുത്തലാക്കിയിരിക്കുകയാണ്. എനിക്ക് ആവശ്യപ്പെടാനുള്ളത് പഴയ തിരു-കൊച്ചിയിലെ ഭാഗമായ ചിറ്റൂർ പ്രദേശത്തുള്ള വളരെ ചുരുക്കം ആളുകൾക്ക് - (അവരെല്ലാം പാടത്ത് പണിക്കുപോകുന്നവരാണ്) - ആനുകൂല്യം ലഭ്യമാക്കണം. അതോടൊപ്പംതന്നെ ഭിക്ഷയ്ക്ക് പോകുന്ന ഒരു വർഗ്ഗമാണ് പണ്ടാര സമുദായം. അവർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. കുറച്ചുകാലമായി ഒരു ജാതി സർട്ടിഫിക്കറ്റും അവർക്ക് കൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭിക്ഷയ്ക്ക് പോക്കാണ് അവരുടെ തൊഴിൽ. ആ ആളുകൾക്ക് പട്ടികവർഗ്ഗക്കാരുടെ സർട്ടിഫിക്കറ്റ് കൊടുക്കണം. ഇപ്പോൾ തണ്ടാർ സമുദായത്തിന് എന്തെങ്കിലും ഒരു സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകാരണം വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ കാര്യം വളരെ സജീവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടിക സമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, 2002-ലെ ഭരണഘടനാ ഭേദഗതി അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള പട്ടികജാതി ലിസ്റ്റിൽ ക്രമനമ്പർ 61 ആയി 'തണ്ടാർ' സമുദായത്തെ പട്ടികജാതിയായി അംഗീകരിച്ചിട്ടുണ്ട്. മുൻ തിരുകൊച്ചി പ്രദേശത്തുൾപ്പെട്ട യഥാർത്ഥ പട്ടികജാതി തണ്ടാർ സമുദായക്കാർക്ക് സർട്ടിഫിക്കറ്റോ ആനുകൂല്യങ്ങളോ ഇതേവരെ നിഷേധിക്കപ്പെട്ടിട്ടില്ല. എന്നാൽ സംശയാസ്പദമായ വ്യക്തിഗത കേസുകളിൽ 1996-ലെ കേരള സമുദായ സർട്ടിഫിക്കറ്റ് നൽകലും ക്രമപ്പെടുത്തലും ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിനുശേഷമേ ജാതി സർട്ടിഫിക്കറ്റോ ആനുകൂല്യങ്ങളോ നൽകുകയുള്ളൂ. ഏതെങ്കിലും അർഹതപ്പെട്ട കേസുകളിൽ ആനുകൂല്യങ്ങൾ ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ ആ കാര്യം പരിശോധിക്കുന്നതാണ്.

41. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളിൽ വിഷാംശം ഉണ്ടെന്ന പരാതി

ശ്രീ. പി. ജയരാജൻ: സർ, 3-2-2006-ന് തിരുവനന്തപുരം നഗരത്തിലെ രണ്ട് സർക്കാർ സ്കൂളുകളിൽ ഉച്ചക്കഞ്ഞിയിൽ നിന്നുള്ള വിഷബാധയെത്തുടർന്ന് 157 വിദ്യാർത്ഥിനികളെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയുണ്ടായി. കോട്ടൺഹിൽ ഗേൾസ് ഹൈസ്ക്കൂൾ, മണക്കാട് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ വിളമ്പിയ ഭക്ഷണത്തിൽ നിന്നാണ് ഈ വിഷബാധയുണ്ടായത്. ഉച്ചയ്ക്ക് 12.30 മണിയോടുകൂടി ഭക്ഷണം കഴിച്ച കുട്ടികളിൽ പലർക്കും ഉടനെ ഛർദ്ദിയും നെഞ്ചെരിച്ചിലും തലകറക്കവും ഉണ്ടായതിനെത്തുടർന്നാണ് വിദ്യാർത്ഥിനികളെ ജനറൽ ആശുപത്രിയിലും എസ്. എ. ടി. ആശുപത്രിയിലും പ്രവേശിപ്പിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പവർ ഹൗസിലുള്ള ഗോഡൗണിൽ നിന്നാണ് ഉച്ചഭക്ഷണത്തിനുള്ള അരി ഏടുത്തതെന്നാണ് വഞ്ചി പൂവർ റേഞ്ച് മാനേജർ വെളിപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ഗവൺമെന്റ് ഇത് സംബന്ധിച്ച് അന്വേഷണ ഉത്തരവിട്ടെന്നാണ് മനസ്സിലാക്കുന്നത്. ആ അന്വേഷണ റിപ്പോർട്ടിന്റെ അവസ്ഥ എന്താണ്? അതോടൊപ്പം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly